## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4601** **29.6.2012-ൽ മറുപടിക്ക്**

### മാലിന്യ നിർമ്മാർജ്ജനത്തിന് ട്രീറ്റ്മെന്റ് പ്ലാന്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. എ. അസീസ് | | ശ്രീ.മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | ഈ സർക്കാർ അധികാരമേറ്റശേഷം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും മാലിന്യ നിർമ്മാർജ്ജനത്തിന് എന്തൊക്കെ പദ്ധതികളാണ് ഇതിനോടകം നടപ്പാക്കിയത്; | എ) | മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റുകളിലെ അപര്യാപ്തതകൾ പരിഹരിച്ച് കുറ്റമറ്റതാക്കുന്നതിനും പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വേണ്ടി തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും നൽകി വരുന്നു. സമ്പൂർണ്ണ ശുചിത്വം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉറവിടത്തിൽ തന്നെ മാലിന്യം സംസ്ക്കരിക്കുന്നതിന് തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക സഹായവും 75% വരെ സാമ്പത്തിക സഹായവും നൽകി വരുന്നു. ഇപ്പോൾ കമ്പോസ്റ്റ് സംവിധാനങ്ങളുടെ സബ്സിഡി തുക 90 ശതമാനമായി ഉയർത്താൻ നടപടി എടുത്തിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മാലിന്യ സംസ്ക്കരണ പദ്ധതികൾക്കായി നവീന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ആയതിന്റെ ഒരു പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം നഗരസഭയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സ്ഥാപിച്ചിട്ടുള്ള അറവുശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) | മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സ്ഥാപിച്ചിട്ടുള്ള ആധുനിക അറവുശാലകളിൽ നിന്നു പുറന്തള്ളപ്പെടുന്ന ഖരമാലിന്യങ്ങൾ പ്ലാന്റിനോടൊപ്പം സ്ഥാപിച്ചിട്ടുള്ള സംസ്കരണ സംവിധാനം വഴി സംസ്കരിക്കപ്പെടുന്നു. ഖരമാലിന്യങ്ങൾ അനുബന്ധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിലേക്കായി ഏജൻസികൾ ശേഖരിച്ച് കൊണ്ടു പോകുകയാണ് ചെയ്യുന്നത്. |

| | | | |
|---|---|---|---|
| സി) | മാലിന്യ നിർമ്മാർജ്ജനത്തിന് സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിലും ആധുനിക രീതിയിലുളള ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ സംസ്ഥാനസർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | സി) | ഉണ്ട്. |
| ഡി) | ഇതിനായി കോർപ്പറേഷനുകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപവീതമാണ് നൽകിയതെന്നും എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ? | ഡി) | ഇല്ല. |

**സെക്ഷൻ ഓഫീസർ**